പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.T *251

20.03.2015 ൽ
മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട നിയമം

ചോദ്യം

ശ്രീ.ജോസ് തെറ്റയിൽ
ശ്രീ.മാത്യൂ റ്റി.തോമസ്
ശ്രീ.സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽവയൽ തണ്ണീർത്തട നിയമത്തിൽ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിലെ സ്ഥലലഭ്യത കുറവുമൂലം വ്യവസായം, തൊഴിൽ, സേവനമേഖലകൾ എന്നിവയിലുണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനു വേണ്ടിയും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്തുമാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിൽ മാറ്റങ്ങൾ വരുത്തുവാൻ തീരുമാനിച്ചത്. ഭൂമി ലഭ്യതയ്ക്ക് ക്ഷാമം നേരിടുന്ന സംസ്ഥാനത്ത്, മുമ്പ് താമസാവശ്യത്തിനായി നികത്തിയിട്ടുള്ള ഭൂമി തിരിച്ച് നിലമാക്കുന്നത് പ്രായോഗികമല്ല എന്ന വസ്തുത കണക്കിലെടുത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പുള്ള നെൽവയലുകൾ നികത്തലുകൾ നിശ്ചിത ഫീസ് ഈടാക്കി നിയമവിധേയമാക്കുവാൻ ആവശ്യമായ |

| | | | |
|---|---|---|---|
| | | | നിയമഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്ന കാര്യം ബഹു.ധനകാര്യ മന്ത്രിയുടെ 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പൊതു ആവശ്യങ്ങൾക്കുവേണ്ടി നെൽവയൽ നികത്തേണ്ടി വരുന്ന സന്ദർഭങ്ങളിൽ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ 03.10.2013 ലെ സ.ഉ(എം.എസ്) 433/2013/റവ പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പഠനം നടത്തി വരികയാണ്.<br>പ്രൈവറ്റ് സംരംഭങ്ങൾ പൊതു ആവശ്യമായി പ്രഖ്യാപിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 11.12.2014 ലെ സ.ഉ.(എം.എസ്) 519/2014/റവ പ്രകാരം പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിയമത്തിലെ 'പൊതു ആവശ്യം ' എന്നുള്ള നിർവചനത്തിൽ വൻമൂലധന നിക്ഷേപവും തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതുമായ പദ്ധതികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിയമഭേദഗതി ശുപാർശ ചെയ്തിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |